**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2804 — 18.08.2017 ൽ മറുപടിയ്ക്ക്

# സുനാമി പദ്ധതി പ്രകാരം വാങ്ങിയ ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ആൻസലൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ്<br>മന്ത്രി |
| (എ) നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൊഴിയൂർ പ്രദേശത്തുള്ള എത്ര ഏക്കർ ഭൂമിയാണ് 2011-ൽ സുനാമി പദ്ധതി പ്രകാരം വാങ്ങിയത്; എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ഭൂമി വിതരണം നടത്തി; | (എ) നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിൽ 2011 വർഷത്തിൽ സുനാമി പുനരധിവാസത്തിനായി സ്ഥലമേറ്റെടുത്തിട്ടില്ല. സുനാമി പുനരധിവാസത്തിനായി 2009 ൽ സർക്കാർ ഉത്തരവ് പ്രകാരം കുളത്തൂർ വില്ലേജിൽ 756.3 സെന്റ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് എത്ര സെന്റ് ഭൂമി വീതമാണ് വീട് വയ്ക്കുന്നതിന് നൽകിയത്; | (ബി) സുനാമി പുനരധിവാസ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 2.13 സെന്റ് (86 Sq.m) സ്ഥലം വീതമാണ് വീട് വയ്ക്കുന്നതിന് നൽകിയിട്ടുള്ളത്. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് ഓരോ ഗുണഭോക്താവിനും എത്ര രൂപ അനുവദിച്ചു; ആകെ എത്ര തുക നൽകി; | (സി) ആകെ 255 ഗുണഭോക്താക്കളെയാണ് ബെനിഫിഷ്യറി കമ്മിറ്റി തെരഞ്ഞെടുത്തിട്ടുള്ളത്. വീട് വയ്ക്കുന്നതിന് ഓരോ ഗുണഭോക്താവിനും 2,70,000/- രൂപ വീതമാണ് നൽകുന്നത്. ഈ തുക 5 ഗഡുക്കളായാണ് ഗുണഭോക്താവിന് നൽകുന്നത്. ആകെ 6,74,50,000/- രൂപ നൽകിയിട്ടുണ്ട്. 51 കുടുംബങ്ങൾ ഇപ്പോഴും വീട് പൂർത്തിയാക്കാനുണ്ട്. |
| (ഡി) അപ്രകാരം ഭൂമി നൽകിയപ്പോൾ എല്ലാ ഗുണഭോക്താക്കൾക്കും ഒരേപോലെ ആണോ ഭൂമി നൽകിയത്; | (ഡി) എല്ലാ ഗുണഭോക്താക്കൾക്കും ഒരു പോലെയാണ് ഭൂമി നൽകിയിട്ടുള്ളത്. |
| (ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ രൂപീകരിച്ച ബെനിഫിഷറി കമ്മിറ്റിയിൽ പൊഴിയൂർ തീരദേശപ്രദേശത്തു താമസക്കാർ അല്ലാതെ ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ഇ) പൊഴിയൂർ തീരദേശപ്രദേശത്തുള്ളവരെ മാത്രമേ ബെനിഫിഷ്യറി കമ്മിറ്റിയിൽ ഗുണഭോക്താക്കളായി അംഗീകരിച്ച് ഉൾപ്പെടുത്തിയിട്ടുള്ളൂ. |

| | |
|---|---|
| (എഫ്) പ്രസ്തുത പദ്ധതി പ്രകാരം വൈദ്യുതി, കുടിവെള്ളം , റോഡ് എന്നിവയ്ക്കുള്ള ഫണ്ട് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ആയതിനു എത്ര തുക ചിലവായി; വിശദീകരിക്കാമോ? | (എഫ്) സുനാമി പുനരധിവാസ പദ്ധതിയിൽ വൈദ്യുതി, കുടിവെള്ളം, റോഡ് എന്നിവയ്ക്ക് ഫണ്ട് ഉൾപ്പെടുത്തിയിട്ടില്ല. സുനാമി ബാധിതരെ പുനരധിവാസിപ്പിച്ചശേഷമുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ